Traditional Songs
Chantham Charthu Songs
Mylanchi Songs
Wedding Reception Songs
Wedding Related Prayers
Wedding Customs
Prayers



# തെക്കുംഭാഗ സുറിയാനി ക്രിസ്ത്യാനികളുടെ കല്യാണത്തിനുള്ള ചുരുങ്ങിയ നടപടികളും ചില വിശദീകരണങ്ങളും

## ക്നാനായ സമുദായം

ക്രിസ്തബ്ദം 345-ൽ സിറിയാ, മെസപ്പെട്ടോമ്യാ, ഉറഹാ (എദേസ്സ), നിനുവാ മുതലായ പൗരസ്ത്യ ദേശങ്ങളിൽ നിന്നു മലങ്കര കുടിയേറിയിട്ടുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സന്തതിപരമ്പരകളാണ് ഇന്നു തെക്കുംഭാഗർ എന്നു വിളിക്കപ്പെടുന്ന ക്നാനായ സുറിയാനി ജനങ്ങൾ. ഇവർ സുപ്രസിദ്ധ സിറിയൻ വണിഗ് ശ്രേഷ്ഠനായ ക്നായ് തോമ്മായുടെ നേതൃത്വത്തിലും ഉറഹായുടെ മാർ യൗസേപ്പ് എപ്പിസ്കോപ്പായുടെയും വൈദിക സഹചരന്മാരുടെയും സഹകരണത്തിലും കൊടുങ്ങല്ലൂർ തുറമുഖത്തു കുടിയേറി. ഇവർ കേരള ചക്രവർത്തിയായ ചേരമാൻ പെരുമാൾ ഭൂദാനം ചെയ്ത സ്ഥലത്തു പള്ളിയും പട്ടണവും സ്ഥാപിച്ചു സ്ഥിരവാസമുറപ്പിച്ചു. പുരാതനകാലം മുതൽ തന്നെ കൊടുങ്ങല്ലൂർ പട്ടണത്തിന്റെ വടക്കുഭാഗത്തു മർത്തോമ്മാ ക്രിസ്ത്യാനികൾ അങ്ങാടിയായി സ്ഥിരവാസമുറപ്പിച്ചു താമസിക്കുന്നുണ്ടായിരുന്നു. കുടിയേറിയ ക്രിസ്ത്യാനികൾക്കു പട്ടണത്തിന്റെ തെക്കുഭാഗത്തത്രെ സ്ഥിരവാസത്തിനു ചേരമാൻ പെരുമാൾ ഭൂദാനം ചെയ്തതും അവർ അങ്ങാടിയായി വസിച്ചുതുടങ്ങിയതും. ഇങ്ങനെ തെക്കും വടക്കുമുള്ള ക്രിസ്ത്യാനികളുടെ താമസംമൂലം ഓരോരുത്തരേയും തിരിച്ചറിയാനായി അവർ തങ്ങളിൽ തങ്ങളിലും നാട്ടുകാരായ മറ്റാളുകളും വിളിച്ചുവന്ന പേരാണ് തെക്കുംഭാഗരും വടക്കും ഭാഗരും എന്നുള്ളത്.

തെക്കുംഭാഗരിൽ പലരും സന്ദർഭവശാൽ നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും ഒമ്പതാം നൂറ്റാണ്ടിലും കൊടുങ്ങല്ലൂർ വിട്ട് ഉദയംപേരൂർ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിലേയ്ക്കു പോകുകയും ഒടുവിൽ 16-ാം നൂറ്റാണ്ടിൽ സാമൂതിരിയും പറങ്കികളും തമ്മിലുള്ള യുദ്ധകാലത്തു പട്ടണം ഒന്നാകെ നശിക്കയാൽ അവർ ഏവരും തങ്ങളുടെ സ്വജാതികൾ വസിച്ചുകൊണ്ടിരുന്ന ഉദയംപേരൂർ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. പിന്നീട് ജനസംഖ്യ വർദ്ധിച്ചതുകൊണ്ടും മറ്റുകാരണങ്ങളാലും പ്രസ്തുത സ്ഥലങ്ങൾ വിട്ടു പലരും മറ്റു സ്ഥലങ്ങളിൽപോയി താമസിക്കേണ്ടതായി വരികയും അവിടങ്ങളിലെല്ലാം പള്ളി വയ്ക്കയും ചെയ്തു. ഇപ്പോൾ ഇവർ മൂവാറ്റുപുഴ,

തൊടുപുഴ, മീനച്ചിൽ, വൈക്കം, ചേർത്തല, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, അമ്പലപ്പുഴ, പത്തനംതിട്ട, കണയന്നൂർ മുതലായ തിരു-കൊച്ചി താലൂക്കുകളിലും തെക്കേ മലബാറിലും തെക്കേ കാനറായിലും താമസിച്ചുവരുന്നു. ഒട്ടേതാനും ജനങ്ങൾ ജോലി പ്രമാണിച്ചു ദീർഘ കാലമായി ഈസ്റ്റാഫ്രിക്കയിലും, സിംഗപ്പൂരിലും, അമേരിക്കയിലും താമസിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും പ്രസ്താവ്യമാണ്.

മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ 17-ാം ശതാബ്ദത്തിന്റെ ഒടുവിൽ പുത്തനെന്നും പഴയതെന്നും രണ്ടു കക്ഷി കൾ ഉണ്ടായതോടുകൂടി ക്നാനായ സമുദായക്കാരും രണ്ടു കക്ഷിക ളായി തീരുകയാൽ അന്നുമുതൽ മതസംബന്ധമായ കാര്യത്തിൽ വ്യത്യ സ്തമായി നടന്നുവരുന്നു. എങ്കിലും തങ്ങളുടെ സാമൂഹ്യാചാരത്തിൽ യാതൊരു മാറ്റവും ഇന്നേവരെ ഉണ്ടായിട്ടില്ല.

## കല്യാണം ഉറയ്ക്കുക

ക്നാനായ സമുദായത്തിൽ കല്യാണം നടത്തുന്നത് പഴയകാലത്ത് ചെറുപ്രായത്തിൽ തന്നെയായിരുന്നു. അക്കാലത്തു വിവാഹം ഒരു വിനോ ദമായിട്ടത്രെ വിവാഹം കഴിക്കാനുള്ള സ്ത്രീ പുരുഷന്മാർ വിചാരിച്ചിരു ന്നത്. 'അനുരാഗം' എന്തെന്ന് അവർ അറിഞ്ഞിരുന്നില്ല. തങ്ങളുടെ മാതാ പിതാക്കന്മാർ തമ്മിൽ പറഞ്ഞു നിശ്ചയിച്ചപ്രകാരം അവരുടെ ആജ്ഞ യനുസരിച്ച് അവർ പ്രവർത്തിക്കുന്നു എന്നു മാത്രമേയുണ്ടായിരുന്നു ള്ളൂ. പിന്നീടു പ്രായപൂർത്തി വരുന്നതോടുകൂടിയാണു അവർ അവരെ ക്കുറിച്ചും അവർക്കുള്ള കടമകളെക്കുറിച്ചും അറിയുന്നതിനു പ്രാപ്ത രായിത്തീരുന്നത്. എന്നാൽ ഇന്നാകട്ടെ ആ സ്ഥിതിയെല്ലാം മാറിയിരി ക്കുന്നു. പല അനുഭവങ്ങൾകൊണ്ടും ബാല വിവാഹം നിഷിദ്ധമാ ണെന്നും പ്രായപൂർത്തി വന്നിട്ടു സ്ത്രീ പുരുഷന്മാരുടെ സമ്മതത്തോ ടുകൂടി കല്യാണം നടത്തുകയാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യത്തിനും ഉത്തമ സന്താന ലാഭത്തിനും പര്യാപ്തമെന്നുള്ള അഭി പ്രായം സമുദായത്തിൽ സർവ്വത്ര പ്രബലപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്ക് കല്യാണം ഉറപ്പിക്കുന്നതിനുമുമ്പായി സ്ത്രീപുരുഷന്മാരുടെ മനസ്സുകൂടി അറിഞ്ഞു കല്യാണം ഉറയ്ക്കുകയാണ് ഉത്തമമായിട്ടുള്ളതെന്നു വിശേ ഷിച്ചു പറയേണ്ടതില്ലല്ലോ. കത്തോലിക്കാ സമുദായത്തിൽ 'മനസ്സു ചോദ്യം' എന്നൊരു ക്രമം കല്യാണ നിശ്ചയത്തിനുശേഷം ഉണ്ടെന്നു ള്ളതിനെ ഇവിടെ വിസ്മരിക്കുന്നില്ല.

കല്യാണം ഉറപ്പിക്കേണ്ടതും സ്ത്രീയുടെ വീട്ടിൽ വച്ചായിരിക്കണമെന്നാണ് നിശ്ചയം. സ്ത്രീധനം, മെയ്യാഭരണം മുതലായി സ്ത്രീക്കു കൊടുക്കേണ്ട ധനത്തെപ്പറ്റിയാണ് പ്രധാനമായി ആലോചന നടക്കുന്നത്. സ്ത്രീയുടെ വീട്ടിൽ വച്ചായിരുന്നെങ്കിലേ സ്ത്രീക്കു ബന്ധപ്പെട്ടവരെല്ലാവരുംകൂടി ആലോചിച്ചു സ്ത്രീധനം മുതലായവ ക്ളിപ്തപ്പെടുത്തി കല്യാണം ഉറച്ചു പിരിയുന്നതിനു വിഷമം കൂടാതിരിക്കുകയുള്ളൂ. ഇരുഭാഗക്കാരുമായി മുൻകൂട്ടി യാതൊരു ആലോചനയുമില്ലാതെ ആദ്യമായി കല്യാണം ഉറയ്ക്കാൻ നിശ്ചയിച്ചിരിക്കുന്ന പുരുഷൻഭാഗക്കാർ ഇത് പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതാണ്.

## ഒത്തുകല്യാണം

മുൻകാലത്തെപ്പോലെ ഒത്തുകല്യാണം ഇപ്പോൾ വലിയതോതിൽ നടത്തുക ചുരുക്കമാണ്. കുറച്ചാളുകളെ മാത്രമേ ഒത്തുകല്യാണത്തിനു പുരുഷൻ ഭാഗത്തുനിന്നും സ്ത്രീയുടെ വീട്ടിലേക്കു പോകാറുള്ളൂ. കല്യാണം ഉറയ്ക്കുന്ന സമയത്തു ഒത്തു കല്യാണത്തിനു ഇത്രപേർ വരണമെന്നും അല്ലെങ്കിൽ ഇത്രപേർ വരുമെന്നും ഇരുകൂട്ടരും കൂടി നിശ്ചയിക്കുന്നതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടാൽ മതി. കല്യാണം ലഘുപ്പെടുത്തി നടത്തിവരുന്ന സ്ഥിതിക്ക് ഒത്തുകല്യാണവും ചുരുക്കി നടത്തുന്നതുതന്നെ ഉത്തമം. ഒത്തുകല്യാണത്തിനു പള്ളിയിൽവച്ചു കൈപിടിക്കുന്നതു സ്ത്രീയുടെയും പുരുഷന്റെയും പിതൃവഴിയിലുള്ള ഏറ്റവും അടുത്ത ആളായിരിക്കണമെന്നും അപ്രകാരം തന്നെ അന്നത്തെ സദ്യയ്ക്കു വിളമ്പികൊടുക്കേണ്ടത് പ്രധാനമായി സ്ത്രീയുടെ അമ്മാച്ചനായിരിക്കണമെന്നും ഉള്ള പഴയ നടപടിയെ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

## സ്ത്രീധനകാര്യം

മുൻകാലങ്ങളിൽ സ്ത്രീധനം ഇത്ര പണമിട പൊന്ന് എന്നാണ് നിശ്ചയിച്ചിരുന്നതെന്നും ഇതുതന്നെ സ്ത്രീയുടെ ആദ്യപ്രസവത്തിനുശേഷമേ കൊടുക്കുക പതിവുണ്ടായിരുന്നുള്ളൂവെന്നും ഏവരും ഓർക്കേണ്ടതാണ്. കാലഭേദംകൊണ്ട് ആ നിലപോയി സ്ത്രീധനം ഇത്ര ചക്രമെന്നായി. ആയതും എത്ര ധനവാനായാലും പതിനായിരം ചക്രത്തിൽ കവിയുകയും പതിവില്ലായിരുന്നു. ആ സ്ഥിതിയും മാറി സ്ത്രീധനം രൂപാക്രമമായി. ആയതും ക്രമത്തിലധികമായി വർദ്ധിച്ചു. ഇപ്പോൾ നമ്മുടെ സമുദായത്തിൽ ഒരു ക്ലിപ്തവും ഇല്ലാത്ത നിലയിൽ ചെന്നെത്തുകയുണ്ടായിട്ടുണ്ട്. ചെറുക്കന്റെ വീട്ടുകാർ എത്ര കിട്ടിയാലും വാങ്ങാൻ തയ്യാറായിട്ടാണിരിക്കുന്നത്. ഈ അളവുകോൽതന്നെയാണ് അവരുടെ കാര്യത്തിലും മറ്റുള്ളവർ കൊണ്ടുവരുന്നതെന്നും പെൺകൂട്ടക്കാർക്കു

സ്ത്രീധനത്തിനു പുറമേ കല്യാണച്ചെലവിനും പണമുണ്ടാക്കേണ്ടതാണെന്നും തങ്ങളുടെ ബന്ധുക്കളാകാൻ പോകുന്നവരെ ഈ വിധത്തിൽ ഞെക്കിപ്പിഴിയുന്നതു കഷ്ടമാണെന്നും ആൺകൂട്ടർ വിചാരിക്കേണ്ടതാണ്. ഏതായാലും ഇപ്പോഴത്തെ സ്ത്രീധനനിരക്ക് കുറക്കേണ്ടതാവശ്യമാണ്. ഒരു കുടുംബത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്ഥിതിക്ക് ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ആർക്കും നഷ്ടത്തിനു കാരണമില്ല. ഇങ്ങനെ ചെയ്യാത്തപക്ഷം നല്ല നിലയിലിരിക്കുന്ന നമ്മുടെ അനേകം കുടുംബങ്ങളും കാലക്രമേണ നശിച്ചു പോകാവുന്നതും സാധാരണ രീതിയിലുള്ള കുടുംബങ്ങൾക്ക് ഉയർന്നു വരുവാൻ സാധിക്കാതെ വരുന്നതുമാണ്. ഇത് ഗൗരവമായ ഒരു കാര്യമായതുകൊണ്ട് സമുദായപ്രമാണികൾ ഇതിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്.

## കെട്ടുകല്യാണം
## മൈലാഞ്ചി ഇടീൽ

ക്ഷണിക്കപ്പെട്ടവരെല്ലാവരും പന്തലിൽ കൂടിയ ശേഷം പൊതുജനമദ്ധ്യേ വെള്ളവസ്ത്രം പൊതിഞ്ഞ ഒരുപീഠം (പാവാട) തന്റെ ജേഷ്ഠസഹോദരി (ഇല്ലെങ്കിൽ പിതൃബന്ധത്തിൽപ്പെട്ട ഒരു സ്ത്രീ) സ്ഥാപിക്കയും അതിന്മേൽ വസ്ത്രാഭരണഭൂഷിതയായ പെണ്ണിനെ കൊണ്ടുവന്നിരുത്തുകയും ചെയ്യുന്നു. സ്ത്രീയുടെ അഭിമുഖമായി ദർശനവശം മറയാതെ തന്റെ വല്യമ്മയും (ഇല്ലെങ്കിൽ പിതൃവഴിയിലുള്ള ഒരു വൃദ്ധ) ഒരു നാൽക്കാലിയിൽ ഇരിക്കുന്നു. ഉടനെ സ്ത്രീസമൂഹം പെണ്ണിന്റെ സമീപത്തു വന്നിരിക്കുകയും ഈ സമയം മൈലാഞ്ചി അരച്ചുവച്ചിട്ടുള്ള പാത്രം പെണ്ണിന്റെ ഒരു സഹോദരി ഒരു പീഠത്തിൽ പെണ്ണിന്റെ മുമ്പിൽ കൊണ്ടുവന്നു വയ്ക്കുകയും ചെയ്യുന്നു. സ്ത്രീജനങ്ങൾ ഉടനെ 'മാർത്തോമ്മാൻ' എന്ന പാട്ടു പാടുന്നു. ഇതു കഴിഞ്ഞു മൈലാഞ്ചിപ്പാട്ട് ആരംഭിക്കുമ്പോൾ വല്യമ്മ മൈലാഞ്ചി അരച്ചതെടുത്ത് പെണ്ണിന്റെ ഉള്ളം കയ്യിൽ പുരട്ടി തമ്മിൽ കൂട്ടിപ്പിടിപ്പിക്കുകയും അനന്തരം പാട്ടിൽ വിവരിക്കുന്ന സമയങ്ങളിൽ പെണ്ണിന്റെ നഖം മുതലായ സ്ഥാനങ്ങളിൽ മൈലാഞ്ചി തേക്കുകയും ചെയ്യുന്നു. മൈലാഞ്ചിപ്പാട്ടു കഴിഞ്ഞശേഷം മാർ യോഹന്നാന്റെയോ പള്ളികളുടെയോ അൽപ്പം ദീർഘമായ ഏതാനും പാട്ടുകൾ ചൊല്ലി ഈ ക്രമം അവസാനിപ്പിക്കുന്നു.

പാട്ടുകൾ അവസാനിച്ചയുടനെ പെണ്ണിന്റെ കൈ കഴുകി ശുദ്ധമാക്കുന്നു. ഉടനെ പെണ്ണിന്റെ സഹോദരി ഇച്ചപ്പാട് എന്ന പ്രത്യേക പലഹാരം കൊണ്ടുവന്ന് പെണ്ണിന്റെ മുൻപിലിരിക്കുന്ന പീഠത്തിൽ വയ്ക്കുന്നു. ഉടനെ പെണ്ണിന്റെ പിതൃവഴിയിലുള്ള ഒരാൾ വല്യപ്പനോ, പേരപ്പനോ, അപ്പാപ്പനോ അതുപോലെ ബന്ധമുള്ള മറ്റൊരാളോ

പെണ്ണിന്റെ മുമ്പിൽ വന്നു (രണ്ടാംമുണ്ട് തലയിൽ കെട്ടുകയോ ഒരു തോളിൽ തൂക്കിയിടുകയോ മാത്രമെ ചെയ്യാവൂ) സഭയിലേക്കു തിരിഞ്ഞുനിന്നു കൊണ്ട് ഇച്ചപ്പാടു കൊടുക്കട്ടെ എന്നു മൂന്നുപ്രാവശ്യം ചോദിച്ചു സഭാനുവാദം വാങ്ങിയശേഷം കിണ്ടിയെടുത്തു കൈകഴുകി പെണ്ണിന്റെ വായിലും വെള്ളം കൊടുത്തശേഷം പാത്രത്തിലിരിക്കുന്ന വെൺപാൽച്ചോറിൽ ഒരു ഭാഗത്തു ചക്കരതിരുമ്മി ചേർത്ത് ആയതിൽ അല്പം മൂന്നുപ്രാവശ്യം പെണ്ണിനു കൊടുക്കുന്നു. അനന്തരം തന്റെ കൈകഴുകുകയും പെണ്ണിന്റെ വായ ശുദ്ധമാക്കാനായി വെള്ളം കൊടുക്കുകയും ചെയ്യുന്നു. ഇതിന്റെശേഷം തന്റെ സഹോദരി പെണ്ണിനെ മുറിയിലേയ്ക്കു കൊണ്ടു പോകുന്നതോടുകൂടി ഈ ചടങ്ങ് അവസാനിക്കുന്നു.

സൂചന-ഇച്ചപ്പാടു കൊടുക്കുക എന്നുള്ളത് ഒരു ചടങ്ങു നിർവ്വഹണമാണ്. ആയത് ഒരാൾ മാത്രം കൊടുത്താൽ മതി. പിതൃവഴിയിലുള്ള ആളായിരിക്കണമെന്നേയുള്ളൂ. പിതൃവഴിയിൽ അവകാശികൾ ആരുമില്ലെങ്കിൽ സ്വന്തം അപ്പനു കൊടുക്കാം. ഇതുപോലെ ഒത്തുകല്യാണത്തിനും കൈപിടിക്കുന്നതിനും മറ്റാരുമില്ലെങ്കിൽ സ്വന്തം പിതാവിന് ആകാവുന്നതാണ്. ഇച്ചപ്പാട് ഒരാൾ കൊടുക്കുക എന്നുള്ളതാണ് പഴയകാലത്തെ നടപ്പ്. പിൽക്കാലത്തു തോന്ന്യാസമായ അവകാശവാദവും പറഞ്ഞു മൂന്നും, അഞ്ചും, ഏഴും പിന്നെ ഇച്ചപ്പാടു വെച്ച സ്ത്രീയും ഇങ്ങനെ ഒരു തുമ്പും വാലുമില്ലാതെ ചിലയിടങ്ങളിലെല്ലാം ഇച്ചപ്പാടു കൊടുക്കുന്നതായി കണ്ടിട്ടുണ്ട്. ഇതും നമ്മുടെ ആചാരമര്യാദയല്ല. മേലാൽ എവിടെയും മേൽ പ്രസ്താവിച്ചവിധം ഒരേ രീതിയിൽ നടത്തുന്നതിന് സമുദായസ്നേഹികൾ ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

## അന്തം (ചന്തം) ചാർത്ത്

ക്ഷണിക്കപ്പെട്ടവരെല്ലാം പന്തലിൽ കൂടിയശേഷം ചെറുക്കന്റെ സഹോദരി കോടിവസ്ത്രം പൊതിഞ്ഞ ഒരു പീഠം (പാവാട) പന്തലിൽ സഭാമദ്ധ്യേസ്ഥാപിക്കയും സമീപെ കത്തിച്ച ഒരു കോലു വിളക്കു വയ്ക്കുകയും ചെയ്തശേഷം പോകുന്നു. അനന്തരം ചെറുക്കനെ തന്റെ അളിയൻ പന്തലിലേയ്ക്കുകൊണ്ടുവന്ന് ആ പാവാടയിൽ ഇരുത്തുന്നു. ഈ സമയം ക്ഷുരകൻ പന്തലിന്റെ മുൻഭാഗത്ത് വന്നു നിന്നുകൊണ്ട് "പതിനേഴുപരിഷമേൽ മാളോരോടു ചോദിക്കുന്നു, അന്തം (ചന്തം) ചാർത്താൻ കയറിയിരിക്കട്ടെ" എന്ന് മൂന്നു പ്രാവശ്യം ചോദിക്കുന്നു. സഭ അനുവദിച്ചശേഷം ക്ഷുരകനും സഹായിയും കൂടി പന്തലിൽ പ്രവേശിച്ച് അന്തം (ചന്തം) ചാർത്തു നടത്തുന്നു. ഇതു കഴിയുന്നതോടുകൂടി ചെറുക്കന് തേക്കാനുള്ള എണ്ണ, ഇഞ്ച, ഉമിക്കരി, ഒരുകിണ്ടിവെള്ളം, കോളാമ്പി എന്നിവകൾ സഹോദരി ചെറുക്കന്റെ സമീപത്തുവച്ചശേഷം

പിൻവാങ്ങുന്നു. ഉടനെ ക്ഷുരകൻ "എണ്ണ തേപ്പിക്കട്ടെ" എന്നു മൂന്നു പ്രാവശ്യം ചോദിച്ച് സഭാനുവാദത്തോടുകൂടി എണ്ണ തേപ്പിച്ചശേഷം ക്ഷുരകൻ പുറത്തേക്കു പോകുന്നു. അന്തം (ചന്തം) ചാർത്തു തുടങ്ങുമ്പോൾ സ്ത്രീകൾ മാർത്തോമ്മാനും അന്തം (ചന്തം) ചാർത്തു പാട്ടും മാർ അബ്രാഹത്തിന്റെയും യൗസേപ്പിന്റെയും പാട്ടുകളും സമയംപോലെ പള്ളിപ്പാട്ടുകളും പാടുന്നു.

സൂചന-ക്ഷുരകന്റെ ചോദ്യം പഴയകാലങ്ങളിൽ ക്ഷുരകന്റെ ജാതി വ്യത്യാസംപോലെ പതിനേഴു പരിഷമേൽ മാളോരെന്നും പതിനേഴു പരിഷമേൽ അച്ചന്മാരെന്നും ആയിരുന്നെങ്കിലും ഇപ്പോൾ അവർ സഭയും സംഘടനയുമായും ഏകജാതിയായിരിക്കുന്ന സ്ഥിതിക്ക് 'പതിനേഴു പരിഷമേൽ മാളോർ' എന്നുമാത്രം എവിടെയും ചോദിച്ചാൽ മതി. എന്നാൽ ചില സ്ഥലങ്ങളിൽ 'മാളോരെല്ലാവരോടും ചോദിക്കുന്നു'. എന്നു മാത്രം പറയിപ്പിക്കുന്നത് വെറും അജ്ഞതയാണ്. ചേരമാൻ പെരുമാളിൽനിന്ന് പരിചയപ്പെട്ടവരായി കിട്ടിയിട്ടുള്ള പതിനേഴു പരിഷ (ജാതികളുടെ മേലുള്ള സ്ഥാനത്തെ ഉദ്ദേശിച്ചാണ് പതിനേഴു പരിഷമേൽ മാളോർ എന്ന് ക്ഷുരകൻ സംബോധന ചെയ്യുന്നത്. സുറിയാനിക്കാരായ എല്ലാവരും ആ പേരിന് അർഹരാണ്. അന്തം (ചന്തം) ചാർത്തു സമയം ആ പേരാണ് എല്ലാവരും ക്ഷുരകനെക്കൊണ്ട് പറയിപ്പിക്കേണ്ടത്. ചരിത്രജ്ഞാനമില്ലാതെ അബദ്ധമായും അവിവേകമായും വെറും മാളോർ എന്ന പദം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ മേലാലെങ്കിലും അവർ അനർഹമായ ആ പദം ഉപേക്ഷിച്ച് പതിനേഴു പരിഷമേൽ മാളോർ എന്ന പേർ തന്നെ ക്ഷുരകനെക്കൊണ്ടു പറയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം അറിയിച്ചുകൊള്ളട്ടെ.

അന്തം (ചന്തം) ചാർത്തും എണ്ണ തേപ്പിക്കലും കഴിയുന്ന ഉടനെ ചെറുക്കൻ പല്ലുതേച്ചു നാക്കുവടിച്ച് വെള്ളംകൊണ്ടു വായ് ശുദ്ധി ചെയ്യുന്നു. അനന്തരം ചെറുക്കനെ തന്റെ അളിയൻ കുളിസ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടു പോകയും കുളികഴിഞ്ഞ് ശുഭ്രവസ്ത്രങ്ങളും കുരിശ് മുതലായ ആഭരണങ്ങളും ധരിപ്പിച്ച് പന്തലിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. ഈ സമയം സഹോദരി വെള്ളവസ്ത്രം പൊതിഞ്ഞ ഒരു പാവാട സഭാമദ്ധ്യേ സ്ഥാപിക്കയും ചെറുക്കനെ തന്റെ അളിയൻ അതിലിരുത്തുകയും ചെയ്യുന്നു. അപ്പോൾ 'ഇഛപ്പാട്' പലഹാരം സഹോദരി ചെറുക്കന്റെ മുമ്പിൽ ഒരു പീഠത്തിൽ കൊണ്ടുവന്നു വയ്ക്കുന്നു. ഈ സമയം മുൻപ്രസ്താവിച്ചവിധം ചെറുക്കന്റെ പിതൃവഴിയിലുള്ള ഒരാൾമാത്രം 'ഇഛപ്പാട് കൊടുക്കട്ടെ' എന്നു മൂന്നു പ്രാവശ്യം ചോദിച്ച് സഭാനുവാദം വാങ്ങി ഇഛപ്പാടുകൊടുത്ത ശേഷം കൈകഴുകുകയും വായ് ശുദ്ധമാക്കുന്നതിന് ചെറുക്കനു വെള്ളം കൊടുത്തശേഷം

പിൻവാങ്ങുകയും ചെയ്യുന്നു. ഉടൻ ചെറുക്കനെ തന്റെ അളിയൻ പുരയ്ക്കകത്തേയ്ക്കു കൊണ്ടുപോകയും ഇതിനോടെ അന്തം (ചന്തം) ചാർത്തു ചടങ്ങു അവസാനിക്കയും ചെയ്യുന്നു.

## വെൺപാൽച്ചോർ

കല്യാണാവസരങ്ങളിൽ 'ഇച്ചപ്പാട്' കൊടുക്കുന്ന 'വെൺപാൽച്ചോർ' എന്ന പലഹാരത്തിന് നമ്മുടെ കല്യാണസദ്യയിൽ ഒരു മുൻപും കയ്യും പ്രാധാന്യതയും കാണുന്നുണ്ട്. നമുക്ക് നാനാതരത്തിലുള്ള പലഹാരങ്ങൾ ഉണ്ടെങ്കിലും വെൺപാൽച്ചോർ നമ്മുടെ പ്രധാന സദ്യയിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുന്നതിനു വല്ല കാരണവുമുണ്ടോ എന്ന് അധികമാരും ആരാഞ്ഞു നോക്കിയിട്ടില്ല. നമ്മുടെ പൂർവ്വികന്മാർ കൊടുങ്ങല്ലൂരിൽ കുടിയേറിയശേഷം സ്വന്ത നാട്ടുരീതി അനുസരിച്ചുള്ള ഭക്ഷണങ്ങൾ കുറേനാളത്തേയ്ക്കു ഉപയോഗിച്ചുകൊണ്ടിരുന്നുവെങ്കിലും, ഇവിടെ സ്ഥിരവാസത്തിനായി വന്നിരിക്കുന്ന ഇവർ പിന്നീട് നാടൻ ഭക്ഷണസാധനങ്ങളെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്നായി. ഇങ്ങനെ ഇവർ ഈ നാട്ടിലെ സാധനങ്ങൾ ഉപയോഗിച്ചു തങ്ങളുടെ നാട്ടിലെ ഒരു പലഹാരത്തിനു തുല്യമായ രീതിയിൽ ഉണ്ടാക്കിയ ഭക്ഷണമാണ് വെൺപാൽച്ചോർ എന്നത്രെ പാരമ്പര്യം. ഒരു സ്മാരകമെന്നോണം അവർ കല്യാണച്ചടങ്ങുകളിലും പ്രധാന സദ്യയിലും ഈ പലഹാരത്തിന് പ്രഥമസ്ഥാനം നൽകുകയാണു ചെയ്തിട്ടുള്ളത്. ഒരിലയിൽ രണ്ടുപേർവീതം ഭക്ഷണം കഴിക്കുന്ന ഒത്തുകല്യാണസദ്യയ്ക്കും കൂടി വിരുന്നിനും മൈലാഞ്ചി ഇടീൽ, അന്തം (ചന്തം) ചാർത്ത് ഈ ദിവസങ്ങളിലെ സദ്യകൾക്കും വെൺപാൽച്ചോർ ആദ്യം വിളമ്പാതെ സദ്യ മുന്നോട്ടു നടക്കുന്നതല്ല. മണവാളനോ മണവാട്ടിയോ ആകാൻ പോകുന്ന യുവതീയുവാക്കന്മാർക്ക് കല്യാണച്ചടങ്ങിന്റെ ആരംഭഘട്ടത്തിൽ ഇച്ചപ്പാട് എന്ന പേരിൽ വെൺപാൽച്ചോർ കൊടുക്കുന്നതിന്റെ താല്പര്യവും ഈ പൂർവ്വികസ്മരണ തന്നെയാണ്.

## കല്യാണം പള്ളിയിലേയ്ക്കു പോകുന്നതിനുമുമ്പ്

കല്യാണദിവസം കാലത്തെ സദ്യ കഴിഞ്ഞശേഷം പന്തലിന്റെ നടുക്ക് ഒരു കത്തിച്ച വിളക്ക് തൂക്കുന്നു. അനന്തരം ചെറുക്കനെയോ പെണ്ണിനെയോ വിശേഷ വസ്ത്രാഭരണങ്ങൾ ധരിപ്പിച്ച് പന്തലിൽകൊണ്ടുവന്നു കസേരയിലോ കട്ടിലിലോ ഇരുത്തുന്നു. ഇതിന്റെ ശേഷം ഗുരുദക്ഷിണ കൊടുത്ത് ഗുരുവിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നു. അനന്തരം എല്ലാവരുംകൂടി ഒരു ചെറിയ നമസ്കാരം കഴിച്ച് ദൈവാനുഗ്രഹം പ്രാപിച്ചശേഷം മാതാപിതാക്കന്മാരെയും ബന്ധുക്കളായ മറ്റുപ്രായമുള്ളവരെയും

ഈശോമിശിഹായ്ക്കു സ്തുതി എന്ന് കൈകൂപ്പി നമസ്ക്കരിച്ചശേഷം പള്ളിയിലേയ്ക്കു യാത്രപുറപ്പെടുന്നു.

ചെറുക്കനോ പെണ്ണോ പള്ളിയിലേക്കു യാത്രപുറപ്പെടുന്നതിനുമുമ്പായി ഒരു സ്ത്രീ കോലുവിളക്കും കത്തിച്ചുപിടിച്ചു ശകുനം എന്ന നിലയിൽ അവർക്ക് എതിരെ വരിക എന്നിങ്ങനെയൊക്കെ മുൻകാലത്തു ചിലയിടങ്ങളിൽ കണ്ടിട്ടുണ്ട്. ഇത് അക്രൈസ്തവമാണ്. ഇങ്ങനെ മേലാൽ ആരും ചെയ്തുകൂടാത്തതാണ്. സകലഭാവി ഐശ്വര്യങ്ങളും നമ്മുടെ സ്രഷ്ടാവായ ദൈവത്തിൽ അർപ്പിച്ചുകൊണ്ടും അങ്ങേ അനുഗ്രഹത്തിലും കരുണയിലും ആശ്രയിച്ചുകൊണ്ടും മാത്രം യാത്രപുറപ്പെടുകയത്രേ ചെയ്യേണ്ടത്. സകലതും അങ്ങേ തിരുചിത്തം പോലെ അല്ലാതെ ഒന്നും നടക്കുകയില്ലെന്നും നാം വിശ്വസിക്കണം.

## കല്യാണം പള്ളിയിൽ

ചെറുക്കൻ പള്ളിയിൽ വരുന്നതിനു മുൻപായി പെണ്ണ് വന്നെത്തിയെങ്കിൽ പെണ്ണ് പള്ളിയിൽ പ്രവേശിക്കുക നടപ്പില്ലാത്ത ആ പുരാതനചട്ടം മേലിലും അനുവർത്തിച്ചു പോകേണ്ടതാണ്. കല്യാണം കഴിഞ്ഞു കെട്ടിയിറങ്ങുന്നതിനു മുൻപു ദമ്പതിമാർ പള്ളിയിലെ പട്ടക്കാർക്കു താംബൂലാദികൾ കാഴ്ച കൊടുത്തു അനുഗ്രഹം പ്രാപിക്കയും പള്ളിഭണ്ഡാരത്തിൽ കാണിക്കയിടുകയും ചെയ്യണം. പള്ളിയിൽനിന്നും കല്യാണം വെളിയിലേക്കു ഇറങ്ങുമ്പോൾ മൂന്നു പ്രാവശ്യമെങ്കിലും 'നട' വിളിച്ചശേഷം വേണം യാത്രപുറപ്പെടുവാൻ. കല്യാണത്തിനു പള്ളിക്കുട എടുക്കേണ്ട അവകാശം പെണ്ണിന്റെ അമ്മാച്ചനാണ്. അയാളുടെ ചുമതലയിൽ മറ്റാളുകളെക്കൊണ്ടു പിന്നീട് എടുപ്പിക്കാവുന്നതാണ്.

## ഓർമ്മിക്കേണ്ട ചില പ്രത്യേക സംഗതികൾ

ചെറുക്കൻ വീട്ടിൽനിന്നു പള്ളിയിലേക്കു പുറപ്പെടുന്നതിനുമുൻപായി വിരിപ്പാവും കുമ്പളത്താലിയും (മിന്ന്) (അന്യ ഇടവകയിലേക്കാണു പോകുന്നതെങ്കിൽ) ദേശകുറിയും വിവാഹം നടത്തുന്ന പള്ളിയിലേക്കു കൊണ്ടുപോകുന്ന കാര്യം പ്രത്യേകം ഓർത്ത് ആയത് ബന്ധുക്കളിൽ വിശ്വസ്തനും ഗണനീയനുമായ ഒരാളെ ഏല്പിച്ചു ചെറുക്കനോടു ഒരുമിച്ചയയ്ക്കണം. ഇത്രയും സാധനങ്ങളില്ലാതെ ചെറുക്കൻ മുൻപോട്ടു പോയതുകൊണ്ടു യാതൊരു ഫലവുമില്ലെന്ന് പല അനുഭവങ്ങൾകൊണ്ടുതന്നെ ഓരോരുത്തർക്കും അറിയാവുന്നതാണല്ലോ. ഇതുപോലെ തന്നെ പെണ്ണ് അന്യഇടവകയിൽനിന്നു വരികയാണെങ്കിൽ അവിടത്തെ ദേശകുറി പെണ്ണിനോടൊന്നിച്ച് കാര്യമായ ആളിന്റെ കൈവശം കൊടു

ത്തയച്ചിരിക്കണം. പെണ്ണും ചെറുക്കനും ഒരിടവകയിൽതന്നെയാണെങ്കിൽ ദേശകുറിക്ക് ആവശ്യമില്ലെങ്കിലും ചെറുക്കന്റെ കൂട്ടക്കാർ മിന്നും മന്ത്രകോടിയും മറക്കാതെ ചെറുക്കനോടൊരുമിച്ചു തന്നെ കൊണ്ടുപോകേണ്ടതാണ്. കൂടാതെ കല്യാണം പെണ്ണിന്റെ വീട്ടിൽ കെട്ടിക്കയറുകയാണെങ്കിൽ കച്ചതഴുകുന്നുണ്ടെങ്കിൽ ആൺകൂട്ടക്കാർ തഴുകുവാനുള്ള കച്ചകൊണ്ടുപോകുന്ന കാര്യവും വിസ്മരിച്ചുകൂടാത്തതാണ്.

## പന്തലിലെ ഒരുക്കം

കെട്ടിക്കയറുന്നവീട്ടിൽ കല്യാണം പള്ളിയിൽനിന്നു വരുന്നതിനു മുൻപായി ചില ഒരുക്കങ്ങൾ ചെയ്യേണ്ടതുണ്ട്. കാലത്തെ സദ്യയെല്ലാം കഴിഞ്ഞു പന്തലും പരിസരങ്ങളും അടിച്ചുവൃത്തിയാക്കിയശേഷം മണർക്കോലം തയ്യാറാക്കണം. സൗകര്യമെങ്കിൽ വിദഗ്ദ്ധന്മാരായ പണിക്കാരെക്കൊണ്ടു മുൻകൂട്ടി ഇതിന്റെ പണികൾ ചെയ്താൽ കൊള്ളാം. എന്നാൽ സാധാരണക്കാർ കട്ടിൽ ഉപയോഗിച്ച് ഒരു പൊങ്ങിയ പീഠം ഉണ്ടാക്കുന്നു. തൽക്കാലസ്ഥിതിക്ക് രണ്ടു കസേര അല്പം ഉയർത്തി ഇട്ടാലും മതിയാകുന്നതാണ്. എന്നാൽ ഏതു വിധത്തിലുള്ള ആസനങ്ങളായിരുന്നാലും കരിമ്പടമോ അതുപോലുള്ള രോമ വസ്ത്രമോ അതിൽ വിരിച്ചിട്ടു ആയതു ഒരു വെള്ളവസ്ത്രം കൊണ്ടു മൂടിയിരിക്കണം. രോമവസ്ത്രം ലോകജീവിതത്തിന്റെ വിഷമ ഘട്ടത്തെയും, വെള്ളവസ്ത്രം അതിനോടു പോരാടി വിജയം പ്രാപിച്ചാൽ ലഭിക്കാവുന്ന മോക്ഷഭാഗ്യത്തെയുമത്രെ സൂചിപ്പിക്കുന്നത്. ഇതുപോലെ നമ്മുടെ കല്യാണച്ചടങ്ങുകളിലുള്ള ഓരോ നടപടിയും വളരെ അർത്ഥവത്തായിട്ടുള്ളതാണ്. അവയുടെ സാരാംശം മിക്കവാറും എല്ലാംതന്നെയും മുൻപതിപ്പിലെ പഴയ നടപടിക്രമത്തിൽ വിവരിച്ചിട്ടുണ്ട്, പരിഷ്ക്കാരം മൂർദ്ധന്യത്തെ പ്രാപിച്ചതോടുകൂടി ഇതെല്ലാം നിസ്സാരങ്ങളാണെന്നു പറഞ്ഞ് ചില അർദ്ധ പരിഷ്കാരികൾ നമ്മുടെ സമുദായ നടപടിയോടു വിമുഖത പ്രദർശിപ്പിച്ചേക്കാം. പക്ഷേ അതു അവരുടെ അജ്ഞതയെന്നേ വിചാരിക്കേണ്ടതുള്ളൂ. വിജ്ഞന്മാരും സമുദായാഭിമാനികളുമായ ഓരോരുത്തരും പാവനമായ നമ്മുടെ സമുദായ നടപടികളെ വ്യത്യാസം കൂടാതെ നടത്തിക്കൊണ്ടു തന്നെ പോകുമെന്നു വിശ്വസിക്കട്ടെ.

ഇപ്രകാരം മണർക്കോലം തയ്യാർ ചെയ്തശേഷം അതിന്റെ മുകളിൽ വെള്ളവസ്ത്രംകൊണ്ടു ഒരു മേൽക്കട്ടി കെട്ടണം. ഇതിന്റെ ശേഷം പന്തൽനിറച്ചു പായ്കളും സൗകര്യമുള്ള പക്ഷം കസേര, ബഞ്ച് മുതലായ ഇരിപ്പിടങ്ങളും ഇട്ടു ഭംഗിയാക്കണം. കൂടാതെ പന്തൽ കഴിവതും അലങ്കരിച്ചിരിക്കുന്നതും കൊള്ളാം. ഇപ്രകാരം പന്തൽ ക്രമപ്പെടുത്തി

യശേഷം പന്തലിന്റെ നടുക്കും നാലുകോണുകളിലും ഓരോ ഓട്ടുതിരി വിളക്കുകൾ തൂക്കണം. കോണുകളിൽ ഇല്ലെങ്കിലും നടുക്കു അത്യാവശ്യം തന്നെ. മണർക്കോലത്തിന്റെ താഴെ ഒരു നാൽക്കാലിയും വെള്ളം നിറച്ച ഒരു കിണ്ടിയും വട്ടക്കോളാമ്പിയും വെച്ചിരിക്കണം. ഒരു പാത്രത്തിൽ നെല്ലും നീരും മറ്റൊരു പാത്രത്തിൽ പാലും പഴവും തയ്യാറാക്കി സ്ത്രീകൾ പ്രത്യേകം കരുതിവെച്ചിരിക്കേണ്ടതാണ്. കൂടാതെ മൂന്നു നാലു ചെറുകുട്ടകളിലോ തട്ടങ്ങളിലോ വെറ്റില, പാക്ക് മുതലായവയും എടുത്തു വെച്ചു കൊള്ളണം ഇത്രയും സംഗതികൾ ഒരുക്കിക്കഴിഞ്ഞാൽ പിന്നെ കെട്ടിക്കയറി, ചടങ്ങുകൾ നിർവഹിക്കുന്നതിൽ യാതൊരു ഭംഗവും വിഷമവും നേരിടുന്നതല്ല.

## കെട്ടിക്കയറുമ്പോൾ

കല്യാണം പന്തലിനു സമീപിക്കുമ്പോൾ ദമ്പതിമാരെ അവരുടെ അമ്മാച്ചന്മാർ മറ്റുള്ളവരുടെ സഹായത്തോടുകൂടി എടുത്തുകൊണ്ട് "നട നട" എന്ന ആർപ്പുവിളിയോടുകൂടി പന്തലിന്റെ വാതുക്കൽ കൊണ്ട് അവരെ കിഴക്കോട്ടു തിരിച്ച് ഒപ്പമായി നിറുത്തുന്നു മണവാളന്റെ ഇടതു വശത്താണു മണവാട്ടി നിൽക്കുന്നത്. ദമ്പതിമാരെ മേൽപ്രകാരം നിറുത്തിക്കഴിയുമ്പോൾ വരന്റെ അമ്മ അല്ലെങ്കിൽ ആ സ്ഥാനത്തിന് അവകാശിയായ സ്ത്രീ നെല്ലും നീരും (കുറെ വെള്ളത്തിൽ കുറെ നെല്ലും കുരിശോലയും ഇട്ടത്) വയ്ക്കുവാനുള്ള പാത്രവും കത്തിച്ച കോലുവിളക്കുമായി വധുവിന്റെ അമ്മ (പകരം സ്ഥാനിയാകാം) യോടൊരുമിച്ച് ദമ്പതിമാരുടെ മുമ്പിലേക്ക് വന്ന് 'നെല്ലും നീരും വയ്ക്കട്ടെ' എന്ന് വരന്റെ അമ്മ മൂന്നു പ്രാവശ്യം സഭയോടു ചോദിച്ച് അനുമതി പ്രാപിച്ച ശേഷം ആ പാത്രവും കോലുവിളക്കും വധുവിന്റെ അമ്മയുടെ കയ്യിൽ കൊടുത്തിട്ട് പാത്രത്തിൽനിന്ന് കുരിശോല എടുത്ത് അതുകൊണ്ട് ആദ്യം മൂന്നു പ്രാവശ്യം മണവാളന്റെ നെറ്റിയിലും പിന്നീട് മൂന്നു പ്രാവശ്യം മണവാട്ടിയുടെ നെറ്റിയിലും കുരിശു വരയ്ക്കുന്നു. (ഓരോ പ്രാവശ്യവും വെള്ളത്തിൽ മുക്കിയാണ് കുരിശു വരയ്ക്കേണ്ടത്. നെല്ലും നീരും വയ്ക്കുന്നതിന് കല്യാണം ഏതു ഭാഗത്തെ വീട്ടിൽ കെട്ടിക്കയറിയാലും വരന്റെ അമ്മയ്ക്കാണ് അവകാശവും മുറയും. ഈ മാമൂലനുസരിച്ച് മേലിലും പ്രവർത്തിച്ചുകൊള്ളണം.) ഇതിന്റെ ശേഷം ദമ്പതിമാരുടെ അമ്മാച്ചന്മാർ അവരെ കൂട്ടിക്കൊണ്ടുപോയി മണർക്കോലത്തിൽ ഇരുത്തുന്നു. മണവാളന്റെ ഇടത്തുവശത്താണ് മണവാട്ടിയെ ഇരുത്തേണ്ടത്. പന്തലിൽ യഥായോഗ്യം എല്ലാവരും ഇരുന്നശേഷം കല്യാണവീട്ടുകാർ അവർക്കു താംബൂലാദികൾ (മുറുക്കാൻ) വിതരണം ചെയ്യുന്നു.

# ദമ്പതിമാർ മണർക്കോലത്തിൽ

മണവാളനും മണവാട്ടിയും മണർക്കോലത്തിൽ ഇരിക്കുമ്പോഴാണല്ലോ സ്ത്രീജനങ്ങൾ തങ്ങളുടെ പാട്ടുകളുടെ സാമർത്ഥ്യം പ്രകടിപ്പിക്കുന്നത്. പാട്ട് അധികമായി പോകുന്നതു മൂലം സമയം ദീർഘിച്ചു കല്യാണക്കാരന് പല കുഴപ്പങ്ങൾ ഉണ്ടാകുന്നു എന്ന് പരാതിയുള്ളതിനാൽ അതിന്റെ പരിഹാരത്തിനായി പഴയ ക്രമത്തിൽനിന്ന് ചില ഭേദഗതികൾ ചെയ്ത് നമ്മുടെ കുടിയേറ്റത്തിന്റെ ചരിത്രങ്ങളടങ്ങിയതും ഒഴിച്ചുകൂടാത്തതുമായ ഏതാനും പാട്ടുകൾ മാത്രം ചൊല്ലിയാൽ മതിയെന്നുള്ള ചില സമുദായ സ്നേഹികളുടെ അഭിപ്രായമനുസരിച്ച് ആയതിന്റെ ഒരു ക്രമം താഴെ ചേർക്കുന്നു. ഇത് പന്തലിൽ മുറുക്കാൻ വിതരണം ചെയ്തു കഴിഞ്ഞാലുടനെ ആരംഭിക്കേണ്ടതാണ്.

1. മുന്നം മലങ്കര 2. നല്ലോരോറോശ്ളം 3. വാഴുപാട്ട്
4. ഇന്നു നീ ഞങ്ങളെ 5. പൊന്നണിന്തീടും

ഇത്രയും പാട്ടുകൾ അത്യാവശ്യമായിട്ടുള്ളതാണ്. വാഴുപിടിക്കേണ്ട സമയമാകുമ്പോൾ മണവാളന്റെ അമ്മായിയമ്മയോ ഇല്ലാത്തപക്ഷം ആ വഴിപാട്ടിലുള്ള സ്ത്രീകളിൽ ഒരാളോ മണർകോലത്തിനുമുമ്പിലുള്ള ഒരു പൊങ്ങിയ പീഠത്തിൽ കയറിനിന്ന് 'വാഴുപിടിക്കട്ടെ' എന്ന് മൂന്നു പ്രാവശ്യം ചോദിച്ച് സമ്മതം പ്രാപിച്ചശേഷം ദമ്പതിമാരുടെ തലയിൽ കൈ വച്ച് വാഴുകൊടുക്കുന്നു. ഈ സമയത്ത് വാഴുപാട്ടുചൊല്ലുന്നു. അമ്മായിയമ്മയുടെ കൈ കുരിശുഭാഷയിൽ പിടിക്കുമ്പോൾ ഇടത്തുകൈ മണവാട്ടിയുടെയും വലത്തുകൈ ഇടതുകൈയുടെ മുകളിലൂടെ മണവാളന്റെയും തലയിലായിരിക്കത്തക്കവണ്ണമായിരിക്കണം. വാഴുപാട്ടിൽ, പാലും പഴവും കൊടുക്കേണ്ടഘട്ടം വരുമ്പോൾ കൈ തലയിൽനിന്നെടുത്തശേഷം അമ്മായിയമ്മ പാലും പഴവും കൊടുക്കുന്നു. ഇതിനു മുൻപും പിൻപും ദമ്പതിമാരുടെ വായ് ശുദ്ധമാക്കുന്നതിന് ഉപയോഗിക്കുന്നതിനാണ് മണർക്കോലത്തിന്റെ കീഴെ കിണ്ടിയും വെള്ളവും മറ്റും വെച്ചിരിക്കണമെന്ന് മുൻപ് പറഞ്ഞിട്ടുള്ളത്. അപ്രകാരം തന്നെ അമ്മായിയമ്മ ഉയർന്നുനിന്ന് വാഴു പിടിക്കുന്നതിനത്രെ മണർക്കോലത്തിൽ കീഴെ ഒരു നാൽക്കാലി വച്ചിരിക്കണമെന്നും മുൻപ് ഓർമ്മിപ്പിച്ചിട്ടുള്ളത്.

'പൊന്നണിന്തീടും' എന്ന പാട്ട് ചൊല്ലിക്കഴിയുമ്പോൾ ദമ്പതിമാരെ മണവറയിലേക്കു കൊണ്ടുപോകുന്നതിന് സഭ അനുവദിച്ചിരിക്കുന്നു എന്നർത്ഥമാക്കുന്നതിനാൽ അവരെ തങ്ങളുടെ അമ്മാച്ചന്മാർ മണർക്കോലത്തിൽ നിന്നും താഴെയിറക്കി മണവറയിലേക്ക് കൊണ്ടുപോകുന്നു.

# കച്ചതഴുകൽ

ക്നാനായ സമുദായത്തിലെ കല്യാണത്തിന് ഏതു ധനവാന്റെയും എത്ര കൂടുതൽ സ്ത്രീധനം ഒത്ത് കെട്ടിക്കുന്നതായ കല്യാണമായിരുന്നാലും അച്ഛൻകച്ച അമ്മക്കച്ച അമ്മൂമ്മക്കച്ച എന്നിങ്ങനെ മൂന്നു പകുതി കച്ചയേ തഴുകുകയുള്ളൂ. ഇതിൽ ഒന്നോ രണ്ടോ കുറച്ചും ഇരുഭാഗക്കാരുടെയും സ്ഥിതിയും നിശ്ചയവുമനുസരിച്ച് തഴുകാറുണ്ട്. ഏതായാലും കച്ച തഴുകണമെന്നു മുൻനിശ്ചയമുണ്ടെങ്കിൽ ആ ചടങ്ങ് സദ്യയ്ക്കു മുമ്പായിത്തന്നെ ദമ്പതിമാരെ മണവറയിൽനിന്നു പന്തലിലേക്കു കൊണ്ടുവന്ന് നടത്തുന്നതാണ് പലവിധത്തിൽ സൗകര്യമായിട്ടുള്ളത്. അതിനാൽ ദമ്പതിമാരെ ആ വിവാഹവേഷത്തോടെ മണവറയിൽനിന്ന് കൊണ്ടുവന്നു വെള്ളവസ്ത്രം പൊതിഞ്ഞ രണ്ടു പാവാടയിൽ നിർത്തുന്നു. ഉടനെ മണവാളന്റെ വീട്ടുകാർ മണവാട്ടിയുടെ വീട്ടുകാർക്കു നൽകുവാൻ നിശ്ചയിച്ചിട്ടുള്ള കച്ചയിൽ "അച്ഛൻകച്ച" മണവാളന്റെ ഇരു കൈയിലുമായി കൊടുക്കുന്നു. ഈ സമയം മണവാട്ടിയുടെ അമ്മാച്ചൻ രണ്ടാം മുണ്ടു തലയിൽ കെട്ടിയശേഷം "കച്ച തഴുകട്ടെ" എന്നു മൂന്നു പ്രാവശ്യം ചോദിച്ച് സഭയുടെ അനുവാദം ലഭിച്ചശേഷം മണവാളനെ മൂന്നുപ്രാവശ്യം തഴുകിക്കൊണ്ട് ആ കച്ച മണവാട്ടിയുടെ കയ്യിൽ കൊടുക്കുകയും മണവാട്ടിയേയും മൂന്നു പ്രാവശ്യം തഴുകിക്കൊണ്ട് മണവാട്ടിയുടെ കയ്യിൽനിന്നും ആ കച്ച വാങ്ങി പിന്മാറുകയും ചെയ്യുന്നു. പിന്നീട് അമ്മക്കച്ച മണവാളന്റെ കയ്യിൽ കൊടുക്കുകയും ചോദ്യമൊന്നും കൂടാതെ മേൽപ്രകാരം മണവാട്ടിയുടെ അമ്മ രണ്ടുപേരെയും തഴുകിയശേഷം കച്ചയുംകൊണ്ടു പിന്മാറുകയും ചെയ്യുന്നു. അനന്തരം അമ്മൂമ്മക്കച്ച മണവാളന്റെ കയ്യിൽ കൊടുക്കുമ്പോൾ മേൽപ്രകാരം അമ്മൂമ്മയും രണ്ടുപേരേയും തഴുകിയശേഷം കച്ചയുംകൊണ്ടു പിന്മാറുന്നു. ഇതോടുകൂടി കച്ചതഴുകലിന്റെ ക്രമം അവസാനിക്കുന്നു. ബന്ധുക്കൾ തമ്മിലുള്ള ആദ്യകാലത്തെ നിശ്ചയം രണ്ടു കച്ചയെന്നാണെങ്കിൽ ആയത് അച്ഛൻകച്ചയും അമ്മക്കച്ചയും ഒന്നു മാത്രമേ ഉള്ളുവെങ്കിൽ ആയത് അമ്മക്കച്ചയുമെന്നാണ് കീഴ്നടപ്പ്.

കുറിപ്പ്-അമ്മാച്ചൻ കച്ചതഴുകുമ്പോൾ മണവാളനു മോതിരമിട്ടു തഴുകുക എന്നൊരേർപ്പാട് ഇപ്പോൾ ചിലയിടങ്ങളിൽ കാണുന്നുണ്ട്. ഈ നടപടി ക്നാനായസമുദായത്തിൽ മുൻപു നടപ്പുള്ളതല്ല, മോതിരം കൊടുക്കുക പതിവുണ്ട്. എന്നാൽ അത് അമ്മാച്ചന്റെ വീട്ടിൽ വിരുന്നിനു കൊണ്ടുപോയി തിരിച്ചുപോരുന്ന സമയത്താണ്. അമ്മാച്ചനു കൊടുക്കുന്നതിനു സാധിച്ചില്ലെങ്കിൽ ഭാര്യ വീട്ടുകാർ കൊടുക്കുകയും ചെയ്യും. കൊടുക്കാൻ ശേഷിയില്ലാത്തവർ കൊടുക്കണമെന്നു നിർബന്ധവുമില്ല.

## സദ്യ

പഴയ നാലുദിവസത്തെ കല്യാണനടപടികൾ നിറുത്തി ഒരു ദിവസത്തെ കല്യാണമായതോടുകൂടി കെട്ടിക്കയറുന്ന വീട്ടിൽ ബന്ധുക്കൾക്കു സദ്യ കൊടുക്കുക എന്ന ഏർപ്പാട് ഇപ്പോൾ മിക്കവാറും നടപ്പിൽ വന്നിട്ടുണ്ട്. എങ്കിലും പിരിയാൻ പാടില്ലാത്ത സംബന്ധക്കാരും മറ്റും അധികമുള്ളവരും സാമാനങ്ങൾ വള്ളം വഴിയും മറ്റും കൊണ്ടുപോകാൻ സൗകര്യമുള്ളവരും കല്യാണവീടിന്റെ അടുത്തൊരു വീട്ടിൽ നേരത്തേവന്നു സദ്യ തനതായി നടത്തുന്നവരും ഇല്ലാതില്ല. ഇത് ഏകീകരണത്തിനു പറ്റിയ ഒരു നടപടിയല്ലെന്നു തന്നെയല്ല, ബുദ്ധിമുട്ടും ചെലവും വർദ്ധിക്കുന്നതിനിടയാകുന്നതാണ്. കല്യാണക്കാര്യങ്ങൾ ഉറപ്പിക്കുമ്പോൾ അവരവരുടെ സ്ഥിതിയനുസരിച്ചു ഇത്രപേർക്കു സദ്യ നൽകണം എന്ന് കെട്ടിക്കേറുന്ന വീട്ടുകാരുമായി ഇടപാടു ചെയ്യുന്നതാണ് കൂടുതൽ സൗകര്യമെന്നുള്ളതിനു സംശയമില്ല. സൗകര്യവും ലാഭവും ഇതെന്നു കരുതി ആയിരിക്കുമല്ലോ ഇപ്പോൾ ആയത് പ്രചാരത്തിൽ വന്നിട്ടുള്ളതെന്നുള്ള കാര്യവും സ്മരണീയമാണ്. ഏതായാലും സദ്യ പലവിധ നടപടികളിലാകാതെ ഏകീകരണത്തിനുവേണ്ടി ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന സമ്പ്രദായം-കെട്ടിക്കയറുന്ന വീട്ടിൽ സദ്യ നടക്കുക എന്നുള്ളത്-എല്ലാ സ്ഥലങ്ങളിലും പരിപൂർണ്ണമായി അനുവർത്തിക്കേണ്ടതാണ്. സദ്യസമയത്തു ചോദ്യോത്തരങ്ങൾ ഒന്നും തന്നെയില്ലെങ്കിലും ബന്ധുക്കളുടെ ആളുകൾ എല്ലാവരും വന്നിട്ടുണ്ടോ എന്ന് കല്യാണവീട്ടുകാർ ബന്ധുക്കളുമായി ഒരന്വേഷണം നടത്തിയശേഷം അവരുടെ സമ്മതത്തോടുകൂടി മാത്രമേ സദ്യ ആരംഭിക്കാവൂ. പുരുഷന്മാരെ പന്തലിൽ ഇരുത്തുന്ന സമയത്തുതന്നെ അവരോടുകൂടി വന്നിട്ടുള്ള സ്ത്രീകളെ അകത്തെ മുറിയിലും ഇരുത്തേണ്ടതാണ്. കൂടാതെ ബന്ധുക്കളോടുകൂടി സേവകന്മാരായി വന്നിട്ടുള്ള അന്യമതസ്ഥരെയും തൽസമയംതന്നെ തക്കസ്ഥാനത്തിരുത്തി അവർക്കും സദ്യ നൽകേണ്ടതാണ്. തങ്ങളുടെ ബന്ധുക്കളെ മാന്യമായി ഇരുത്തിയശേഷം പന്തലിൽ പിന്നീട് സ്ഥലമുള്ളപക്ഷം കല്യാണവീട്ടുകാരുടെ അതിഥികളെ അവരോടുകൂടി ഇരുത്തുന്നതിനു വിരോധമില്ലാത്തതാകുന്നു.

## സംഭാവനചെയ്യുക

കല്യാണക്കാരുടെ സംബന്ധക്കാരായും മറ്റുള്ളവർ കല്യാണം കഴിയുമ്പോൾ മണവാളന്റെ ബന്ധുക്കൾ മണവാളനും, മണവാട്ടിയുടെ ബന്ധുക്കൾ മണവാട്ടിക്കും ഓരോ സംഖ്യ സംഭാവനയായിട്ടോ പലിശ

യില്ലാക്കടമായിട്ടോ കൊടുക്കുക ഒരു പഴയമുറയാണ്. എന്നാൽ നാലു ദിവസത്തെ കല്യാണം നടപ്പില്ലാത്ത ഇക്കാലത്ത് ഇതിന്റെ ആവശ്യം കാണുന്നില്ല. പഴയ കാലത്ത് ഈ ചടങ്ങു നിർവ്വഹിക്കുന്നതു കല്യാണത്തിന്റെ അവസാനദിവസം വ്യാഴാഴ്ച വിളക്കുതൊടീൽ കഴിഞ്ഞു എല്ലാവരും പിരിഞ്ഞുപോകുന്ന സമയത്തായിരുന്നു. എന്നാൽ ഇപ്പോൾ ഈ സംഭാവന വാങ്ങിക്കുവാൻ വിചാരിക്കുന്നവർ കല്യാണദിവസം സദ്യ കഴിഞ്ഞ് എല്ലാവരും പിരിയുന്നതിനു മുൻപായിട്ടാണ് വാങ്ങിക്കുന്നത്. ഇതിനു "കൈനീട്ടമെന്നും" പൊലിവെന്നും പേർ പറയപ്പെടുന്നു. നടപടി ഇങ്ങനെയൊക്കെയാണെങ്കിലും ഈ ഒരു ദിവസത്തെ കല്യാണത്തിനുവേണ്ടി ആത്മാഭിമാനമുള്ളവർ ആരുംതന്നെ ഇപ്പോൾ ഈ പലിശയില്ലാക്കടം വാങ്ങിക്കാൻ മുതിരുന്നവരായി കാണപ്പെടുന്നില്ല. നിവൃത്തിയുള്ളവർ ഈ കടത്തിനു തങ്ങളെ അടിമപ്പെടുത്താതിരിക്കുകയാണുത്തമം. എന്നാൽ ഇവിടെയൊന്നു പ്രത്യേകം പറയാനുണ്ട്, കല്യാണവീട്ടുകാർ നിർദ്ധനരും ഈ അവസരത്തിൽ പലർക്കൂടി ചെയ്യുന്ന സംഭാവന അവർക്ക് ഒരു വലിയ സഹായവുമാണെന്നും ബോദ്ധ്യമുള്ള പക്ഷം സന്മനസ്സുള്ള ബന്ധുക്കളും സ്നേഹിതന്മാരും മറ്റും ചെന്നു സദ്യയ്ക്കുശേഷം രൊക്കം പിരിവായ ഒരു ധനശേഖരം നടത്തി ആയതു കല്യാണവീട്ടുകാർക്കു സംഭാവന ചെയ്യുന്നതായാൽ ആയത് ഉപവിക്കടുത്ത ഒരു പ്രവൃത്തിയായിരിക്കും. കൊടുക്കുന്ന സംഖ്യ തിരിച്ചുകിട്ടുമെന്നോ കിട്ടണമെന്നോ ആരും ആഗ്രഹിക്കയുമരുത്. ഏതായാലും പഴയകാലത്തു പൊലിവു നടത്തുന്ന ക്രമം ഇവിടെ വിവരിക്കാം. അവസാനദിവസം വ്യാഴാഴ്ച വിളക്കുതൊടീൽ കഴിഞ്ഞയുടനെ ദമ്പതിമാരെ അന്നേരത്തെ വിവാഹവേഷത്തോടെ-ഉടുപ്പ് എരവുകൾ മുതലായ ഇട്ടപടി - വെവ്വേറെ സ്ഥലങ്ങളിൽ ഇരുത്തിയശേഷം ആദ്യം തങ്ങളുടെ അമ്മാച്ചന്മാരും പിറകെ മറ്റു ബന്ധുക്കളും താണതു 8 പണത്തിൽ കുറയാതെ മേലോട്ട് ഓരോരുത്തരുടെയും ശേഷിയനുസരിച്ച് ഓരോ സംഖ്യകൾ ആൺകൂട്ടക്കാർ മണവാളന്റെയും പെൺകൂട്ടക്കാർ മണവാട്ടിയുടെയും കയ്യിൽ കൊടുക്കുകയും ആയത് ഓരോ തളികയിൽ ശേഖരിച്ചു കണക്കെഴുതിക്കൂട്ടി അവരവരുടെ മൊത്തത്തുക പരസ്യമായി പ്രസ്താവിച്ചശേഷം പണവും കണക്കും മണവാളന്റെയും മണവാട്ടിയുടെയും അപ്പന്മാരെ ഏല്പിക്കുകയും ചെയ്യുന്നു. ഇതോടുകൂടി പൊലിവുചടങ്ങും അവസാനിക്കുന്നു.